LIBRARY ARCHIVES Kerala Legislative Assembly

മാറുന്നതാണ്.

**ചെല്ലഞ്ചി പാലം നിർമ്മാണത്തിനായി വിട്ടുനൽകിയ ഭൂമിക്ക് നഷ്ടപരിഹാരം**

236 (924) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഭൂമിയുടെ വിസ്തൃതി എത്രയാണെന്നും ഇവ ഏതൊക്കെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയായിരുന്നുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പാലം നിർമ്മാണത്തിനായി വിട്ടുനല്കിയ ഭൂമിക്ക് നഷ്ടപരിഹാരം നല്കുന്നതിന് അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നഷ്ടപരിഹാരത്തുക വിതരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ തുക ഭൂഉടമകൾക്ക് നല്കാത്തതെന്ന് വിശദമാക്കുമോ;

(ഡി) നഷ്ടപരിഹാരത്തുക നല്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി എത്രയും വേഗം ഇത് അർഹരായവർക്ക് നല്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണത്തിനുള്ള 1.2456 ഹെക്ടർ ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിന് പ്രഖ്യാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനത്തിൽ ഉൾപ്പെട്ട സർവ്വേ നമ്പരുകളിലെ വില്ലേജ് തണ്ടപ്പേർ പ്രകാരമുള്ള കക്ഷികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) നഷ്ടപരിഹാര തുക അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലമെടുപ്പ് ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.), പി.ഡബ്ല്യു.ഡി. (സതേൺ സർക്കിൾ) തിരുവനന്തപുരത്തിന് നൽകിയിട്ടില്ല. അതിനാൽ അവാർഡ് പാസ്സാക്കി നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടില്ല.

(ഡി) എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫണ്ട് ലഭ്യമാക്കാത്തതിനാൽ പൊന്നും വില നടപടി കാലഹരണപ്പെട്ട സാഹചര്യത്തിൽ ഇത് സംബന്ധിച്ച് സ്വീകരിക്കേണ്ട തുടർ നടപടികൾ സർക്കാർ പരിശോധിച്ചുവരികയാണ്.

**ചാലക്കുടി ഹൗസിംഗ് ബോർഡ് വക സ്ഥലം**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

237 (925) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പത് വർഷങ്ങൾക്ക് മുൻപ് ചാലക്കുടി ഹൗസിംഗ് ബോർഡ് വക സ്ഥലം വിലയ്ക്കു വാങ്ങിയവർക്ക് ഇനിയും തീറാധാരം നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി സംബന്ധിച്ച കേസുകളെല്ലാം തീർപ്പാക്കിയ സാഹചര്യത്തിൽ ഇവർക്ക് തീറാധാരം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാലക്കുടി ഭവന പദ്ധതിയിൽ ആകെയുള്ള 124 അലോട്ടികളിൽ 102 പേർക്ക് വിലയാധാരം നൽകിയിട്ടുണ്ട്.

(ബി) ചാലക്കുടി ഭവന പദ്ധതിയിൽ നിലവിലിരുന്ന കേസുകൾക്ക് കോടതി വിധിയനുസരിച്ചുള്ള തുക ബോർഡ് നൽകിയിട്ടുണ്ടെങ്കിലും Decree Satisfaction Certificate ഇതുവരെ ലഭിച്ചിട്ടില്ല. DSC ലഭിച്ചാൽ മാത്രമേ കേസുകളെല്ലാം തീർപ്പായി എന്നു കണക്കാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ അലോട്ടികളുടെ കഷ്ടതകൾ മനസ്സിലാക്കി LAR, ആർബിട്രേഷൻ എന്നിവ നിമിത്തം അന്തിമവില കണക്കുകൾ തയ്യാറാക്കാൻ സാധിക്കാത്ത കേസുകളിൽ അതതു പദ്ധതികളുടെ കണക്കുകൾ പരിശോധിച്ച് ബോർഡിന് നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർനിർണ്ണയം ചെയ്ത തുകയും അതിന്റെ 30 ശതമാനം സെക്യൂരിറ്റി തുകയും ഓരോ അലോട്ടികളിൽ നിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടി സ്കീമിൽ മൊത്തം 58 പ്ലോട്ടുകളും 66 വീടുകളും ഉള്ളതിൽ 50 പ്ലോട്ടുകളുടെയും 52 വീടുകളുടെയും (പ്ലോട്ട് വിത്ത് ബിൽഡിംഗ്) വിലയാധാരം അലോട്ടികൾക്ക് ഇതുവരെ നൽകിയിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള 22 പേർക്കും മേൽപ്പറഞ്ഞ രീതിയിൽ വിലയാധാരം നൽകുന്നതിൽ തടസ്സമില്ല.

**ചാലക്കുടി മണ്ഡലത്തിലെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടി**

238(926) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷകളിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;